**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 128

06/03/2017 - ൽ മറുപടിക്ക്

**കുടുംബശ്രീ ശാക്തീകരണം**

**ചോദ്യം**

ശ്രീ.ഡി.കെ.മുരളി
ശ്രീമതി യു. പ്രതിഭ ഹരി
ശ്രീ. കെ.വി.അബ്ദുൾ ഖാദർ
ശ്രീ.എം.നൗഷാദ്

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം കുടുംബശ്രീയുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനുമായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

**ഉത്തരം**

ഡോ.കെ.ടി.ജലീൽ
(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.

1. **സംഘടനാ ശാക്തീകരണം**

- സംഘടനസംവിധാനത്തെ സമയബന്ധിതമായി നവീകരിക്കുക എന്ന ലക്ഷ്യത്തോടെ 'ദിശ' ക്യാമ്പെയിന് തുടക്കം കുറിക്കുകയും ഇതിന്റെ ഭാഗമായി പുതുതായി 7125 അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തു

- അയൽക്കൂട്ട സ്വയംവിലയിരുത്തൽ പ്രക്രിയയുടെ ഭാഗമായി കേരളത്തിലെ 2,32,272 അയൽക്കൂട്ടങ്ങൾ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ ചേർന്ന് ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും സ്വയംവിലയിരുത്തൽ നടത്തുകയും ചെയ്തു. മുഖ്യമന്ത്രി, മന്ത്രിമാർ, എം.എൽ.എ.മാർ, എം.പി.മാർ എന്നിവർ വിവിധ അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

- വയോജനങ്ങൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, എസ്.സി., എസ്.റ്റി., ന്യൂനപക്ഷം, തീരദേശം, ട്രാൻസ് ജെൻഡർ, അന്യസംസ്ഥാന

തൊഴിലാളികൾ, വിധവകൾ എന്നിവർക്കായി പുതുതായി 3956 പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

- സിഡിഎസ് ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, സബ്കമ്മിറ്റി കൺവീനർമാർ എന്നിവർക്കായി നേതൃത്വപാടവ സംഘടനാ ശാക്തീകരണ പരിശീലനം സംഘടിപ്പിച്ചു. എഡിഎസ് ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർക്കുള്ള പരിശീലനം ജില്ലാതലത്തിൽ നടന്നു വരികയാണ്.
- കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണവും പഞ്ചശീല (ശുദ്ധജലം, മാലിന്യസംസ്കരണം, വൃത്തിയുള്ള പരിസരം, നല്ല ജീവിത ശൈലി, നല്ല ആരോഗ്യം) കാർഷിക ആരോഗ്യ സംസ്കാരം കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ വളർത്തുക എന്ന ലക്ഷ്യവും മുൻനിർത്തി, പൊലിവ് കാർഷിക പുനരാവിഷ്കരണ ക്യാമ്പെയൻ സംഘടിപ്പിച്ചു. 1,81,112 അയൽക്കൂട്ടങ്ങൾ പൊലിവ് ക്യാമ്പെയിന്റെ ഭാഗമായി 7,198 ഏക്കറിൽ കൃഷി ചെയ്തു.

**2. മൈക്രോ സംരംഭം, മാർക്കറ്റിങ്ങ്**

- സംരംഭങ്ങൾക്ക് പലിശ സബ്സിഡി (4%) സ്കീം നടപ്പിൽ വരുത്തി.
- ടൂറിസം വകുപ്പുമായി സഹകരിച്ച് മുംബൈയിൽ ഭാരത് പർവ് ഫെസ്റ്റ് സംഘടിപ്പിച്ചു. 2 കഫേ യൂണിറ്റുകൾ ഇതിൽ പങ്കെടുത്തു.
- ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ശബരിമല പാതയോരത്ത് 7 കഫേ കിയോസ്കുകൾ സ്ഥാപിച്ചു.

- സതേൺ റെയിൽവെയുമായി സഹകരിച്ച് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ 'ജെൻ ആഹാർ' വെജിറ്റേറിയൻ ഭക്ഷണശാല ആരംഭിച്ചു.
- കേരളത്തിലെ 248 ന്യൂട്രിമിക്സ് യൂണിറ്റുകളെ റേറ്റിംഗ് സ്കെയിലിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്തുന്നതിന് തീരുമാനിച്ചു.
- എസ്.വി.ഇ.പി (Start up Village Entrepreneurship Programme) പദ്ധതി എറണാകുളം ജില്ലയിലെ വടുവക്കോട് ബ്ലോക്കിലും പത്തനംതിട്ട ജില്ലയിലെ പ റക്കോട് ബ്ലോക്കിലും ആരംഭിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് അംഗീകാരം വാങ്ങി.
- കുടുംബശ്രീക്കു കീഴിലുള്ള വിവിധ അപ്പാരൽ/ചെറുകിട യൂണിറ്റുകൾക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്ന് തയ്യൽ സംബന്ധമായ വർക്കുകൾ ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു
- കുടുംബശ്രീയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും സംയുക്തമായി ഒരു ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ കൊച്ചിയിൽ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു. ആദ്യഘട്ടത്തിൽ പ്രവർത്തനം ആരംഭിക്കുന്ന 11 മെട്രോ സ്റ്റേഷനുകളിലേക്കും മുട്ടം ഡിപ്പോയിലേക്കുമായി ഏകദേശം 690 വനിതകളെ തൊഴിലിനായി കുടുംബശ്രീ വഴി ക ണ്ടെത്തുന്നതാണ്.

- വയനാട് ജില്ല ഒഴികെയുള്ള മറ്റു ജില്ലകളിലെ കുടുംബശ്രീ നിർമ്മാണ യൂണിറ്റുക ൾക്ക് ആദ്യഘട്ട പരിശീലനം നൽകുകയുണ്ടായി.
- തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ 389 പേർക്ക് പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകി.

3. **സാമൂഹ്യ വികസനം**

- വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പട്ടികവർഗ മേഖലയിലെ സമഗ്ര വികസനത്തിനായി 6 ജില്ലകളിൽ "ഊരിൽ ഒരു ദിനം" പരിപാടി സംഘടിപ്പിച്ചു.
- ആദിവാസി യുവജനങ്ങൾക്കു വേണ്ടി പി.എസ്.സി കോച്ചിംഗ് ആരംഭിച്ചു.
- ആദിവാസി കലാഗ്രൂപ്പ് രൂപീകരണവും ആദിവാസി കലാമേളയും സംഘടിപ്പിച്ചു.
- പത്താംക്ലാസിനു മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ മേഖലയിലെ 225 ആളുകളെ കമ്മ്യൂണിറ്റി ആർ.പിമാരായി നിയോഗിച്ച് ആദിവാസി മേഖലയിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
- ആദിവാസി മേഖലയിലെ കൗമാരക്കാർക്കു വേണ്ടിയുള്ള 44 കൗമാര ക്ലബ്ബുകൾ രൂപീകരിച്ചു.
- കേരളത്തിലെ എല്ലാ ജില്ലകളിലെയും ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സർഗവാസന പ്രകടമാക്കുന്നതിനായി സംസ്ഥാനതലത്തിൽ കുടുംബശ്രീ ബഡ്സ് ഫെസ്റ്റ് സംഘടിപ്പിച്ചു.
- **വൾണറബിലിറ്റി മാപ്പിംഗ്:** ഒരു പ്രദേശത്തെ പ്രധാന ക്ലേശ ഘടകങ്ങളേയും, മനുഷ്യരെയും പ്രകൃതിയെയും

പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന പ്രശ്നങ്ങളും രേഖപ്പെടുത്തുന്ന ഒരു പഠന പ്രവർത്തനത്തിന് (വൾണറബിലിറ്റി മാപ്പിംഗ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സംയുക്തമായി തുടക്കമിടുന്നു.

- **കമ്മ്യൂണിറ്റി തീയറ്റർ- രംഗശ്രീ:** കുടുംബശ്രീ വനിതകളെ നാടകാവതരണം, തിരക്കഥാ രൂപീകരണം , കോസ്റ്റ്യൂം പ്രോപ്പർട്ടി നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിച്ച് മാസ്റ്റർ പരിശീലകരാക്കി മാറ്റി.
- **പഠനയാത്ര:** പതിനാല് ജില്ലകളിലേയും കുടുംബശ്രീ അംഗങ്ങൾ ജില്ലയിലെ ചരിത്രപ്രധാന്യവും പ്രകൃതിയെയും തിരിച്ചറിയുന്നതിനായി അതത് ജില്ലയിലെ ഇടങ്ങളിലേക്ക് യാത്ര നടത്തുന്നു.
- **ആർട്ട് ക്യാമ്പ്:** "വരയുടെ പെണ്മ" എന്ന പേരിൽ കൊച്ചി മുസിരിസ് ബിനാലെയുടേയും കുടുംബശ്രീയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ആർട്ട് ഫെസ്റ്റിവലും പരിശീലനക്കളരിയും സംഘടിപ്പിച്ചു.
- **കമ്മ്യൂണിറ്റി കൗൺസിലിംഗ്:** കൗൺസിലിംഗ് രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ടീം നാല് ദിവസം കുടുംബശ്രീ അംഗങ്ങളും കൗൺസിലിംഗ് മേഖലയിൽ മുൻ പരിചയമുള്ളവരുമായ വനിതകൾക്ക് പരിശീലനം നൽകി 320 പേർ ഉൾപ്പെടുന്നകുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേർസ് ടീം രൂപീകരിച്ചു.

**4. എൻ.യു.എൽ.എം**

- 14 നഗരസഭകളിൽ ആരംഭിച്ച എൻ.യു.എൽ.എം പദ്ധതി കേരളത്തിലെ

എല്ലാ നഗരസഭകളിലേക്കും വ്യാപിപ്പിച്ചു.

- 93 നഗരസഭകളിലെ 9535 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതവും 950 എ.ഡി.എസുകൾക്ക് 50,000 രൂപ വീതവും റിവോൾവിംഗ് ഫണ്ട് നൽകി.
- പി.എം.എ.വൈ പദ്ധതി കേരളത്തിലെ എല്ലാ നഗരസഭകളിലേക്കും വ്യാപിപ്പിച്ചു.
- നൈപുണ്യ പരിശീലനം നൽകിയ ഗുണഭോക്താക്കളുടെ ഒരു സംഘം രൂപീകരിച്ച് തിരുവനന്തപുരം ആർ.സി.സിയിൽ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സേവനങ്ങൾ നൽകിവരുന്നു.

**5. ഡി.ഡി.യു.ജി.കെ.വൈ**

- ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ ഭാഗമായി 7433 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുകയും അതിൽ 5680 വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| (ബി) | ടൂറിസം, കാറ്ററിംഗ് തുടങ്ങിയ സേവന മേഖലകളിലേയ്ക്ക് കുടുംബശ്രീയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്<br><br>നിലവിൽ കാറ്ററിംഗ് മേഖലയിൽ നിറസാന്നിധ്യമായ കുടുംബശ്രീ ടൂറിസം വകുപ്പുമായി സഹകരിച്ച് പുതിയ സംരംഭങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ടൂറിസം ഡയറക്ടറേറ്റിലും കനകക്കുന്നിലും കുടുംബശ്രീ കാന്റീൻ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളോട് അനുബന്ധിച്ച് കാറ്ററിംഗ് യൂണിറ്റുകളുടെ സാധ്യതകളെ പറ്റി ടൂറിസം വകുപ്പുമായി ചേർന്ന് പരിശോധിച്ചു വരുന്നു |
| (സി) | റബ്ബർ ടാപ്പിംഗ് ഉൾപ്പെടെ കാർഷിക രംഗത്ത് കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | റബ്ബർ ബോർഡുമായി സഹകരിച്ച് റബ്ബർ ടാപ്പിംഗ് രംഗത്ത് വനിത റബ്ബർ ടാപ്പേഴ്സിന് പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ